## ഏപ്രിൽ 1

*പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ -*

**മർക്കൊ. 14 : 38**

പരീക്ഷകൾ ഏതു സ്വഭാവത്തിലുള്ളവയെന്ന് അവ നേരിടുംവരെ നമുക്കു വ്യക്തമാകുന്നില്ല. എന്തെന്നാൽ അതിന്റെ വിശദാംശങ്ങൾ നാം മുന്നമേ അറിയുന്നപക്ഷം അതിന്റെ ഗൗരവം നഷ്ടപ്പെടും. അതുകൊണ്ട് ഉണർന്നിരിക്കുക, നിരന്തരം പ്രാർത്ഥിക്കുക, ഒരുങ്ങിയിരിക്കുക എന്നതാണ് ഏറ്റവും സുരക്ഷിതം. കാരണം, നിങ്ങളുടെ പ്രതിയോഗിയായ പിശാച് ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു നടക്കുന്നു. അവൻ നിങ്ങളുടെ ദൗർബല്യങ്ങൾ മനസ്സിലാക്കുകയും അതിനെ ചൂഷണം ചെയ്യാൻ തക്കം പാർക്കുകയും ചെയ്യുന്നു. വിജയിക്കണമെങ്കിൽ കർത്താവിങ്കൽനിന്ന് "തക്കസമയത്ത് സഹായത്തിനുള്ള കൃപയും" നമ്മുടെ ഹൃദയത്തിൽ വ്യാപരിക്കുന്ന ആത്മാവിന്റെ കൃപകളും നമുക്ക് ആവശ്യമാണ്.*അണിനിരക്കുന്നു വൈരികളെണ്ണമറ്റുണരുവിൻ പടച്ചട്ടധരിക്കുവിൻ,വിരുതു പാഴ്ക്കിനാവാക്കുവാൻ പാപമാമിരുൾ നെടുംകോട്ട തീർക്കുന്നു പാതയിൽ.* (R 3179:1)

**1 പത്രൊ.5:8-10. 1 കൊരി. 16:13**

## ഏപ്രിൽ 2

*ആകയാൽ നാം അവസരം കിട്ടുംപോലെ എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക* **- ഗലാ. 6 : 10**

സമയം ചെലവഴിച്ചും അസൗകര്യങ്ങൾ അവഗണിച്ചും എല്ലാവർക്കും നന്മചെയ്യാൻ ക്രിസ്ത്യാനി സന്നദ്ധനായിരിക്കണം. എന്നാൽ സഹോദരങ്ങൾക്കുവേണ്ടിയാകട്ടെ ജീവൻവച്ചുകൊടുക്കാൻപോലും അവൻ സന്നദ്ധനാകണം. അതായത് സത്യം അറിയിക്കുന്നതിന് സമയം വിനിയോഗിക്കുക, ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് ദുർദിവസത്തിൽ നില്പാൻ പ്രാപ്തരാകുമാറ് കർത്താവിന്റെ സഹോദരങ്ങളെ ഏതു വിധേനയും സഹായിക്കുക എന്നീ അർത്ഥങ്ങളിൽ ജീവൻ പണയപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ കണ്ടെത്തണം. - (R 3180:3)

**1.തെസ്സ 5:14-15**

## ഏപ്രിൽ 3

*രാത്രി കഴിയാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ട്, നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾവിൻ* - റോമ. 13 : 12

സമഗ്രമായ പരിശോധനയിൽ പിടിച്ചുനിൽക്കാൻ കഴിയാത്തതും, പുതിയ വ്യവസ്ഥിതി പൂർണ്ണരൂപത്തിൽ നടപ്പിലാകുന്ന പക്ഷം അംഗീകാരം നേടാൻ കഴിയാതെ പോകുന്നതുമായ ഏതും ഇരുളിന്റെ പ്രവൃത്തികൾ ആണ്. നാം പഴയതിനല്ല, പുതിയ വ്യവസ്ഥിതിക്കുള്ളവരാണ് എന്ന് ഓർത്തുകൊള്ളണം. അതുകൊണ്ട്, നമ്മുടെ പൗരത്വത്തിനും വെളിച്ചത്തിന്റെ പ്രഭുവിനോടുള്ള ഉത്തരവാദിത്വത്തിനും അനുയോജ്യമായും ഇരുളിന്റെ പ്രഭുവിനും അവന്റെ പ്രവൃത്തികൾക്കും വഴികൾക്കും എതിരായും വേണം നാം ജീവിക്കാൻ - (R 3181:1) 1.തെസ്സ.5:4-8

## ഏപ്രിൽ 4

*പകൽസമയത്തെന്നപോലെ നാം മര്യാദയായി നടക്ക* -റോമ. 13: 13

**പണപരമായ കാര്യങ്ങളിൽ മാത്രമല്ല, അയൽക്കാരോടും സഹോദരവർഗ്ഗത്തോടുമുള്ള പെരുമാറ്റങ്ങളിലും, സർവ്വോപരി ദൈവത്തെയും വിശ്വാസത്തെയും സംബന്ധിച്ച് ഏറ്റുപറയുമ്പോഴും നാം സത്യസന്ധരായിരിക്കാൻ ശ്രദ്ധിക്കണം. ഈ വഴിക്കാണ് നാം പരിശോധിക്കപ്പെടുന്നത്. ദൈവപ്രീതിയേക്കാൾ മനുഷ്യപ്രീതിയിൽ പ്രിയം വയ്ക്കുന്നവരും സത്യസന്ധതയില്ലാതെ ഏതെങ്കിലും വ്യാജത്തിന്റെ വക്താവാകയോ അത് അനുഷ്ഠിക്കയോ ചെയ്യുന്നവരും, വ്യാജത്തിനു തന്നെ വിട്ടുകൊടുക്കപ്പെടും. അവർ പ്രതീക്ഷയർപ്പിച്ചിരിക്കുന്ന അനശ്വരമായ അനുഗ്രഹങ്ങൾ ഹനിക്കപ്പെടും. അന്തിമമായി അവർ മറ്റെന്തിന് അർഹത നേടിയാലും രാജ്യത്തിന് അയോഗ്യരെന്നു തെളിവാകും.** - (R 3181:3) എഫെ. 5:8-13.

## ഏപ്രിൽ 5

*എന്റെ കിടക്കയിൽ ഞാൻ നിന്നെ ഓർക്കുകയും രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കുകയും ചെയ്യുമ്പോൾ എന്റെ വായ് സന്തോഷമുള്ള അധരങ്ങളാൽ നിന്നെ സ്തുതിക്കും* - സങ്കീ. 63 : 5, 6

പ്രാർത്ഥന ഒരു അവകാശം മാത്രമല്ല, ആവശ്യം കൂടിയാണ്. നമ്മുടെ ക്രിസ്തീയവളർച്ചയ്ക്ക് അനുപേക്ഷണീയമെന്നു കൽപ്പിക്കപ്പെട്ട ഒന്നാണത്. കരുണകളുടെ പിതാവിനെ നന്ദിപൂർവ്വം ആരാധിക്കാനും അവനുമായി സമ്പർക്കംപുലർത്താനും ഉള്ള വാഞ്ഛ നഷ്ടപ്പെടുന്നവൻ പുത്രത്വത്തിന്റെ ആത്മാവുതന്നെ തനിക്കു നഷ്ടപ്പെട്ടിരിക്കുന്നു എന്നു ഗ്രഹിച്ച് ലോകം ജഡം പിശാച് എന്നീ പ്രതിബന്ധങ്ങളെ ദൂരീകരിക്കാൻ യത്നിക്കണം. തന്റെ സ്വഭാവത്തെയും നിർണ്ണയത്തെയും നമുക്കു വെളിപ്പെടുത്തുകവഴി കർത്താവിനു നമ്മിലുള്ള വിശ്വാസത്തിന്റെ കൂടുതലായ തെളിവുകൾ പ്രകടമാകുമ്പോൾ, ആരാധനയും പ്രാർത്ഥനാശീലവും മന്ദീഭവിക്കുന്നതിനുപകരം വർദ്ധിപ്പിക്കേണ്ടതാണ്. നമ്മുടെ ഹൃദയങ്ങൾ നല്ല നിലമായിരിക്കുന്ന പക്ഷം അവ സമൃദ്ധമായ വിളവു നൽകും- (R 2004:6) സങ്കീ.42:8-11.

## ഏപ്രിൽ 6

*ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്ത്വപ്പെടുത്തുകയത്രേ വേണ്ടത്* - 1 പത്രൊ. 4 : 16

സത്യത്തിന്റെ സേവനത്തിലുള്ള തീക്ഷ്ണതയുടെ ഫലമായി നമുക്കു നേരിടുന്ന അനാരോഗ്യവും അസ്വാസ്ഥ്യവും നമ്മുടെ വിശ്വസ്തതയുടെയും സ്നേഹത്തിന്റെയും തെളിവുകളായി സ്വർഗ്ഗസ്ഥപിതാവ് അനുവദിക്കുന്നു. എന്തെന്നാൽ അപ്രകാരമുള്ള ക്ലേശങ്ങൾക്കു നാം അതീതരെങ്കിൽ അഥവാ അത്ഭുതങ്ങൾവഴി അവയിൽനിന്നു നാം ക്ഷണം വിമോചിതരാകുന്നപക്ഷം കർത്തൃസേവ ചെലവില്ലാത്തതെന്നുവരും. സത്യത്തിനു വേണ്ടിയുള്ള നമ്മുടെ ത്യാഗസന്നദ്ധത പരീക്ഷിക്കപ്പെടാതെ പോകും. സത്യത്തിന്റെ പേരിലുള്ള ഏതു വേദനയും ഏതു യാതനയും, ശാരീരികമോ മാനസികമോ ആയ ഏതു ക്ഷതവും, സാമൂഹികമോ അക്ഷരീകമോ ആയ ശിരശ്ഛേദവും നമ്മുടെ വിശ്വസ്തതയ്ക്കു സാക്ഷ്യം വഹിക്കുന്ന ആത്മാവിന്റെ സാക്ഷ്യമായിത്തീരുന്നു. നമ്മുടെ കർത്താവും, അപ്പൊസ്തൊലനായ പത്രോസും പറയുംപ്രകാരം ഇങ്ങനെയുള്ള പീഡകളിലെല്ലാം നാം അത്യന്തം സന്തോഷിക്കണം. - (R 2007:5) 2.കൊരി.11:23-28

## ഏപ്രിൽ 7

*എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്ത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും* -

ഫിലി. 4 : 19

മഹാസന്തോഷത്തിന്റെ സദ്വർത്തമാനം പ്രസ്താവിക്കുന്നതിൽ കടുത്ത തീക്ഷ്ണത നിങ്ങൾക്കനുഭവപ്പെടുന്നില്ലെങ്കിൽ അതിനുവേണ്ടി ശ്രദ്ധാപൂർവ്വം, വിശ്വസ്തതയോടും മടുത്തുപോകാതെയും പ്രാർത്ഥിക്കുക, യത്നിക്കുക. അചിരേണ അതു സഫലമാകും. സുവിശേഷത്തിന്റെ പേരിൽ നിങ്ങൾക്കു തീക്ഷ്ണതയും പ്രതിപത്തിയും ഉണ്ട്. എന്നാൽ അത് അവതരിപ്പിക്കാനുള്ള വൈദഗ്ദ്ധ്യമില്ലെങ്കിൽ ഉള്ള കഴിവ് പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് അതിനായി പ്രാർത്ഥിക്കുക. തീക്ഷ്ണതയും കഴിവുമുണ്ടെങ്കിലും അവസരം ലഭിക്കുന്നില്ലെങ്കിൽ ലഭിക്കുന്ന അവസരങ്ങളെയെല്ലാം വിശ്വസ്തതയോടെ പ്രയോജനപ്പെടുത്തുന്നു എന്ന് ഉണർത്തിച്ചുകൊണ്ട് കഴിവതും വേഗം ഈ സ്ഥിതിവിശേഷം കർത്തൃസമക്ഷം സമർപ്പിക്കുക. എത്ര എളിയതും നിസ്സാരവുമായാലും എത്തിപ്പെടാവുന്നതൊന്നും കൈയൊഴിയാതെ കൂടുതൽ അവസരങ്ങൾക്കായി ജാഗരിക്കുക. - (R 2006:3) 2.കൊരി.9:7-9.

## ഏപ്രിൽ 8

*പിൻമാറുന്നുവെങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല* - എബ്രാ.10:38

പിന്മാറ്റമെന്നത് പ്രാരംഭത്തിൽ ബലിയുടെ ഇടുക്കുപാതയിൽ നിന്നു വളരെ നിസ്സാരമായ ഒരു വ്യതിചലനം മാത്രമാകാം - പിമ്പിലുള്ളവയെപ്പറ്റി നെടുവീർപ്പോടുകൂടെയുള്ള വെറുമൊരു തിരിഞ്ഞുനോട്ടം; നമ്മുടെ മുമ്പിലുള്ള ഓട്ടത്തിൽ ചെറിയൊരു മന്ദഗതി; പിന്നീട് വീഴ്ച ഭവിച്ച പ്രകൃതിയുടെ മോഹങ്ങൾക്കനുകൂലമായി സത്യത്തെ വഴക്കിയെടുക്കുന്ന മാനസികനില. നമ്മുടെ ദൗർബല്യങ്ങൾ കണ്ടറിഞ്ഞു നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുയോജ്യമായ വിധത്തിൽ അവ പ്രയോജനപ്പെടുത്തുന്നതിൽ വിദഗ്ദ്ധനായ പരീക്ഷകന്റെ കൗശലങ്ങൾക്കുള്ള വഴി ഇങ്ങനെ ഒരുക്കപ്പെടുന്നു. അബദ്ധങ്ങൾ നമ്മുടെ ന്യായബോധത്തെ തന്ത്രപൂർവ്വം വഴിതെറ്റിക്കുന്നു. നീതിയുടെ മുഖംമൂടി ധരിച്ച് പ്രലോഭിപ്പിക്കുന്ന വശീകരണങ്ങൾ ജഡമനസ്സിനു വിഷയമാക്കപ്പെടുന്നു. മിക്കവാറും മനസ്സറിയാതെതന്നെ നമ്മുടെ അന്തരാത്മാവ് കർത്താവിനോടുള്ള "ആദ്യസ്നേഹവും" അവനെ ശുശ്രൂഷിക്കുന്നതിലുണ്ടായിരുന്ന ആദ്യ തീക്ഷ്ണതയും വിസ്മരിക്കുകയും ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലുള്ള മാർഗ്ഗദർശനം നഷ്ടപ്പെട്ട് സത്യത്തിൽനിന്ന് അകലുകയും ചെയ്യുന്നു - (R 1799:1) 2പത്രൊ.2:19-22.

## ഏപ്രിൽ ൯

*ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്ന് അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ* - 1 കൊരി. 9 : 24

വിജയം വരിക്കുന്നതിന് ദൈവത്തിന്റെ പടക്കോപ്പു ധരിച്ചാൽ മാത്രം പോരാ, പോരാട്ടത്തിൽ വീരനായകന്മാരായിരുന്ന്, കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം ഇവയ്ക്കും നീതിയുടെയും നിർമ്മലതയുടെയും സകല വൈരികൾക്കുമെതിരെ മല്ലയുദ്ധം തന്നെ നടത്തണം. സ്നേഹം - കർത്താവിനോടും സത്യത്തോടും നീതിയോടുമുള്ള സ്നേഹം- നമ്മുടെ പ്രേരകശക്തി ആയിരിക്കണം. അല്ലാത്തപക്ഷം നാം ഒരിക്കലും ജേതാക്കളായിരിക്കയില്ല. സ്നേഹം ഒന്നുമാത്രമാണ് നമ്മെ മരണപര്യന്തം വിശ്വസ്തരാക്കുന്നതും വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിനു യോഗ്യരാക്കുന്നതും. ഉജ്ജ്വലത്തായ സ്നേഹം ഹൃദയത്തെ ഭരിക്കുന്നപക്ഷം, ഹൃദയം പൂർണ്ണമായി കർത്താവിനു വിധേയമായിരിക്കുന്നു എന്നും യുദ്ധം പത്തിൽ ഒമ്പതുഭാഗവും ജയിച്ചുകഴിഞ്ഞു എന്നുമാണ് ഇതിനർത്ഥം. എന്നിരുന്നാലും അപ്പൊസ്തൊലൻ പറയുംപ്രകാരം (യൂദാ 21) ജാഗരണത്തിലും പ്രാർത്ഥനയിലും തീക്ഷ്ണതയിലും ദൈവസ്നേഹത്തിൽ നമ്മെത്തന്നെ സൂക്ഷിച്ചുകൊള്ളണം. സ്നേഹം വർദ്ധിക്കുന്നതനുസരിച്ച് കൃപയും വർദ്ധിക്കും. - (R 1798:4) യൂദ.20-21.

## ഏപ്രിൽ 10

*അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ* - 1 പത്രൊ. 5 : 6

താഴ്മയുടെ പാതയിൽ നടക്കുന്നതും, മനുഷ്യസാധാരണമായ മോഹങ്ങൾക്കു കടിഞ്ഞാണിടുന്നതും, പൂർണ്ണമായി ദഹിച്ചുതീരുംവരെ യാഗവസ്തു ബലിപീഠത്തിൽത്തന്നെ വെച്ചുകൊള്ളുന്നതും തീർച്ചയായും ശ്രമകരമാണ്. എന്നാൽ നമ്മുടെ അനുഗൃഹീതനായ മുന്നോടിയുടെ കാൽച്ചുവടുകളെ പിന്തുടരുന്ന വിശ്വസ്തരായ ജേതാക്കൾക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന വിരുതു ലഭിക്കാതെപോയി എന്നു വരാതിരിക്കുന്നതിന് ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്ക എന്നത് ഇപ്രകാരമാണ്. നമ്മുടെ രക്ഷാപുരുഷൻ സൗമ്യതയും മനോവിനയവുമുള്ളവനായിരുന്നു. അപ്രകാരം നാം വിശ്വസ്തരും വിനയമതികളുമാകുമ്പോഴാണ് കർത്താവ് നമ്മെ മറ്റുള്ളവർക്ക് അവന്റെ നാമം വഹിക്കാനുള്ള പാത്രങ്ങളാക്കിത്തീർക്കുന്നത്. ഇങ്ങനെ സ്വാർത്ഥപരിത്യാഗം വഴി നാം ഒഴിഞ്ഞപാത്രങ്ങളാകുമ്പോൾ തന്റെ ആത്മാവിനാലും സത്യത്താലും നമ്മെ നിറയ്ക്കാൻ കർത്താവിനു കഴിയും. അപ്പോൾ സൈന്യങ്ങളുടെ കർത്താവിലും അവന്റെ അജയ്യശക്തിയിലും ബലശാലികളായി ക്രൂശിന്റെ പടയാളകളെന്ന നിലയിൽ ധീരസേവനം കാഴ്ചവയ്ക്കുന്നതിന് നമുക്കു മുന്നേറാൻ കഴിയും - (R 1487:5) സങ്കീ.37:3-6.

## ഏപ്രിൽ 11

*പകൽസമയത്തെന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനത്തിലുമല്ല ........* - റോമ. 13 : 13

ചിലർക്കു പണം ഒരു ലഹരിയാണ്. ചിലർക്കു ധനം; ചിലർക്കു വ്യാപാരം, ഇനിയും ചിലർക്ക് വേഷഭൂഷകൾ; ചിലർക്കു സംഗീതം, ചിലർക്കു കല. എന്നാൽ പുതിയൊരു നാളിന്റെയും ആ നാളിൽ സാധിക്കാനിരിക്കുന്ന ദൈവത്തിന്റെ വലിയ വേലയുടെയും ഏകദേശ ദർശനം ലഭിച്ചിരിക്കുന്ന കർത്താവിന്റെ ജനമെന്ന നിലയിൽ നമ്മുടെ ഹൃദയങ്ങൾ ആ ദൈവവേലയിൽ മുഴുകിയിരിക്കണം. ലൗകികന്മാർക്കു മുൻപറഞ്ഞവ തികച്ചും ഉചിതവും യുക്തവുമായിരിക്കും. കാരണം, ഇക്കാര്യത്തിൽ അവർ നമ്മെപ്പോലെ ഉദ്ബുദ്ധരോ ഭാവിയുടെ കാഴ്ചപ്പാടുള്ളവരോ അല്ല. അതുകൊണ്ട് അവരുടെ വീക്ഷണവും കർമ്മമാർഗ്ഗവും വ്യത്യസ്തമായിരിക്കും - (R 3181:4) 1.തെസ്സ.5:5-8.

## ഏപ്രിൽ 12

*നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മയല്ലയോ ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയല്ലയോ ? അപ്പം ഒന്നാകകൊണ്ട്, പലരായ നാം ഒരു ശരീരം ആകുന്നു.* -

*1* കൊരി. 10 : 16,17

അനേകം ധാന്യമണികൾകൊണ്ടുള്ളതെങ്കിലും അപ്പം ഒന്നായിരിക്കുന്ന പ്രകാരം അനേകം മുന്തിരിപ്പഴങ്ങളുടെ രസമെങ്കിലും പാനപാത്രം ഒന്നുതന്നെ. മറ്റുള്ളവർക്കുവേണ്ടി അപ്പമായിത്തീരണമെങ്കിൽ ഓരോ ധാന്യമണിയും അതിന്റെ വ്യക്തിത്വവും സ്വതന്ത്രമായ അസ്തിത്വവും വെടിയേണ്ടിയിരിക്കുന്നു. മുന്തിരിപ്പഴങ്ങൾ എന്ന അവസ്ഥ നിലനിർത്തിക്കൊണ്ട് മറ്റുള്ളവർക്കു ജീവദായകമായ പാനീയമായിത്തീരാൻ അവയ്ക്കു കഴികയില്ല. കർത്താവിന്റെ ജനങ്ങൾ ഒരേ അപ്പത്തിലും പാനപാത്രത്തിലും പങ്കാളികളാകുന്നു എന്ന അപ്പൊസ്തൊലന്റെ പ്രസ്താവനയുടെ ഭംഗി ഇങ്ങനെ നാം കണ്ടെത്തുന്നു. തന്റെ പാനപാത്രം കുടിക്കുന്നതിനും ഒരേ അപ്പത്തിന്റെ അംശികൾ എന്ന നിലയിൽ തന്നോടുകൂടെ നുറുക്കപ്പെടുന്നതിനും തന്റെ മരണത്തിലേക്കുള്ള സ്നാനത്തിൽ തന്നോടുകൂടെ അടക്കപ്പെടുന്നതിനും അങ്ങനെ തന്നോടൊപ്പം പുനരുത്ഥാനതേജസ്സും മാനവും അമർത്യതയും നേടുന്നതിനുമുള്ള കർത്താവിന്റെ വിളി സ്വീകരിക്കുകയല്ലാതെ പുതിയ പ്രകൃതിക്ക് അർഹരാകാൻ വേറെ വഴികളില്ല. - (R 2772:6) എഫെ.4:16.

## ഏപ്രിൽ 13

*നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല.*- **യോഹ. 6:53**

പ്രിയ ഗുരോ, ഞങ്ങൾക്കുവേണ്ടി- ഞങ്ങളുടെ നീതീകരണത്തിനുവേണ്ടി യാഗാർപ്പണം ചെയ്യപ്പെട്ട അങ്ങയുടെ പാപരഹിതമായ പ്രകൃതിയുടെ പുണ്യം സഹർഷം ഭുജിച്ചു ഞങ്ങൾ പോഷണം പ്രാപിക്കുന്നു. നിന്നോടുകൂടെ കഷ്ടം സഹിക്കുന്നത് ഒരു അനുഗൃഹീത പദവിയാണെന്നു മനസ്സിലാക്കിക്കൊണ്ട് പീഡാനുഭവത്തിന്റെ പാനപാത്രത്തിലും ഞങ്ങൾ സസന്തോഷം പങ്കുചേരുന്നു. തക്കസമയത്തു നിന്നോടുകൂടെ വാഴേണ്ടതിന് നിന്നോടുകൂടെ മരിക്കുന്നതിനും സനാതന ഭാവിയിൽ നിന്നോടൊപ്പം ജീവിക്കേണ്ടതിനും നിന്റെ കാന്ത എന്ന നിലയിൽ നിനക്കു സദൃശരായി നിന്റെ സ്നേഹത്തിലും തേജസ്സിലും പങ്കാളികളാകേണ്ടതിനും തന്നെ. ചിഹ്നങ്ങളുടെ അനുഷ്ഠാനത്തിൽ മാത്രമല്ല, അതിന്റെ പൊരുൾ സംബന്ധിച്ചും ഞങ്ങൾ വിശ്വസ്തരായിരുന്നെങ്കിൽ എന്നാശിച്ചുപോകുന്നു. "നിങ്ങൾ എന്റെ പാനപാത്രം കുടിക്കയും എന്റെ സ്നാനം ഏൽക്കയും ചെയ്യും നിശ്ചയം" എന്ന അവിടത്തെ വാക്കുകൾ പ്രാണനാഥാ, ഞങ്ങൾ ശ്രവിക്കുന്നു. ഈ യാഗാർപ്പണത്തിന് പ്രഭോ, സ്വന്തനിലയിൽ ഞങ്ങൾ അശക്തരാണ്. എന്നാൽ നിന്റെ കൃപ ഞങ്ങൾക്കു മതിയായതാണ്. എന്തെന്നാൽ എക്കാലവും ഞങ്ങൾ പൂർണ്ണമായും നിനക്കുള്ളവരാണ് - (R 2436:5) **1.കൊരി.11:23-29.**

## ഏപ്രിൽ 14

*അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴുക്കിക്കളഞ്ഞു, അതിക്രമക്കാരോടുകൂടെ എണ്ണപ്പെട്ടു-* **യെശ. 53 : 12**

ഗുരുവിന്റെ കാൽചുവടുകൾ പിന്തുടരുന്നവർക്കെല്ലാം ചില ഗേത്സെമനാനുഭവങ്ങൾ ആവശ്യമായിരിക്കുന്നതുപോലെ എല്ലാവരും അവന്റെ എല്ലാ അനുഭവങ്ങളും കുറഞ്ഞപക്ഷം തെല്ലൊന്നു രുചിച്ചിരിക്കയെങ്കിലും വേണം. ആകയാൽ ക്രിസ്തുവിന്റെ കൂട്ടുശിഷ്യന്മാരും കുഞ്ഞുങ്ങളുമായ സഹോദരവർഗ്ഗത്തെ ശുശ്രൂഷിക്കുന്നതിനുള്ള അവസരം അന്വേഷിച്ചു കണ്ടെത്തുന്ന കാര്യം നാം വിസ്മരിക്കരുത്. കർത്താവിന്റെ അനുയായികൾക്കു നേരിടാവുന്ന നിന്ദകൾക്ക് ആക്കം കൂട്ടുകയല്ല, മറിച്ച് സഹതപിക്കുകയും പ്രയാണമദ്ധ്യേ ക്രൂശുചുമക്കുന്നതിൽ അന്യോന്യം സഹായിക്കുകയുമാണു വേണ്ടത്. നമ്മുടെ കർത്താവും ശിരസ്സുമായവനെ കാൽവരിയിലേക്കുള്ള മാർഗ്ഗമദ്ധ്യേ ക്രൂശുവഹിക്കുന്നതിൽ സഹായിക്കുന്നതിനുള്ള അവസരം നാം എത്രമാത്രം സ്വാഗതം ചെയ്യുമായിരുന്നെന്ന് ഏറ്റം നന്നായി ഇപ്രകാരം തെളിയിക്കാം. - (R 2473:3) **റോമ.8:34-39.**

## ഏപ്രിൽ 15

*പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഏല്പിക്കുന്നു* - **ലൂക്കൊ. 23 : 46**

തികഞ്ഞ വിശ്വാസത്തോടെ നമ്മുടെ പ്രിയപ്പെട്ട വീണ്ടെടുപ്പുകാരൻ പിതാവിങ്കലേക്കു ദൃഷ്ടി ഉയർത്തുകയും ഉറച്ച ബോധ്യത്തോടെ തന്റെ മുഴുജീവിതവും ഭാവിയെ സംബന്ധിച്ച മുഴുവൻ പ്രതീക്ഷയും പിതാവിന്റെ സ്നേഹത്തിലും ശക്തിയിലും, അവന്റെ നിർണ്ണയത്തിനും വചനത്തിനും ഒത്തവിധം, കൈകാര്യം ചെയ്യപ്പെടേണ്ടതിന് ഭരമേൽപിച്ചുകൊടുക്കയും ചെയ്തു. ഗുരുവിന്റെ കാൽച്ചുവടുകളിൽ നടക്കുന്നവരെന്ന നിലിയിൽ നാമും വിശ്വാസപൂർവം മുന്നോട്ടു ദൃഷ്ടികളയയ്ക്കണം. മരണത്തിന്റെ നാഴികയിൽ നമ്മുടെ എല്ലാ താത്പര്യങ്ങളും സ്നേഹവാനായ ദൈവത്തിന്റെ പരിപാലനത്തിനായി ഏല്പിച്ചുകൊടുക്കണം. തന്റെ പുത്രനെ നമ്മുടെ വീണ്ടെടുപ്പുകാരനായി ദാനം ചെയ്തതിൽ മാത്രമല്ല, നമ്മുടെ പ്രയാണത്തിലുടനീളം ദൈവം നമ്മുടെ നേർക്കുള്ള തന്റെ സ്നേഹം പ്രദർശിപ്പിച്ചിരിക്കുന്നു. നമുക്കു മുമ്പായി സഞ്ചരിച്ച് ബലവും ആശ്വാസവും ധൈര്യവും നൽകുന്ന അവന്റെ മഹത്തും അമൂല്യവുമായ വാഗ്ദത്തങ്ങളിലും ദിവ്യപരിപാലനത്തിലും ഈ സ്നേഹം നമുക്കു വെളിപ്പെട്ടിട്ടുള്ളതാണ്. - (R 2475:4) സങ്കീ.31:1-6.

## ഏപ്രിൽ 16

*ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്കൊരു നിക്ഷേപം ആയിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു; ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷചെയ്യുന്ന മകനെ ആദരിക്കുന്നതുപോലെ ഞാൻ അവരെ ആദരിക്കും* - **മലാ. 3 : 17**

കർത്താവു തന്റെ തെരഞ്ഞെടുക്കപ്പെടുന്നവരെ കണ്ടെത്തുന്നതിന് നമ്മെ നിയോഗിച്ചിരുന്നെങ്കിൽ അവൻ അയോഗ്യരെന്നു തള്ളാനിടയുള്ള ചിലരെ നാം കൂട്ടിച്ചേർക്കുമായിരുന്നു. എന്തെന്നാൽ നാം പരഹൃദയജ്ഞരല്ല. ഈ ചിന്ത എല്ലാവരോടും വിനയവും ശാന്തതയും സൗമ്യതയും പുലർത്തുവാനും കർത്താവിലുള്ള വിശ്വാസം ദൃഢപ്പെടാനും അവന്റെ ഭൃത്യന്മാരെന്ന നിലയിൽ നമ്മുടെ യത്നങ്ങളിൽ അവന്റെ മാർഗ്ഗദർശനത്തിനു വിധേയപ്പെടാനും പ്രേരകമാകും. ദാവീദിനെ അഭിഷേകം ചെയ്യുന്നതിൽ ശമുവേൽ യഹോവയുടെ ഹിതം ആരായുന്നതുപോലെതന്നെ - (R 3227:1) പുറ.19:5.

## ഏപ്രിൽ 17

*അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു* - 1 യോഹ. 2 : 27

അഭിഷേകത്തെ തുടർന്ന് യഹോവയുടെ അനുഗ്രഹവും ശക്തിയും ഏതോ വിധത്തിൽ ദാവീദിനെ തേടിയെത്തി. എങ്ങനെയെന്നത് നമുക്കും ദുർഗ്രഹമായിരിക്കാം. താൻ അഭിഷിക്തനായ ഔദ്യോഗികസ്ഥാനത്തിന് ചേർന്ന കർത്തവ്യങ്ങളുടെ നിർവ്വഹണത്തിന് അവൻ ശക്തനാകയും അറിവിൽ വളരുകയും ചെയ്തു. കർത്താവിങ്കൽനിന്നുള്ള അംഗീകാരം മുതൽ സഭയ്ക്കു ലഭിക്കുന്ന അഭിഷേകം ഇതിന്റെ പൊരുളായി വിചാരിക്കരുതോ? നമ്മുടെ അഭിഷേകം വെറും ശാരീരികമല്ല. നൽകപ്പെടുന്ന അനുഗ്രഹം കേവലം ഭൗതികവുമല്ല. നാം കൃപയിലും അറിവിലും സ്നേഹത്തിലും വളരുന്നത് പുതിയ സൃഷ്ടികൾ എന്ന നിലയിലാണ്. ആ നിലയിൽ നാം പടിപടിയായി വളർന്ന് പുനരുത്ഥാനത്തിൽ പൂർണ്ണത വരിക്കും. ശിരസ്സ് എന്ന നിലയിൽ കർത്താവും ഗുരുവുമായവനോടുകൂടി നാം സിംഹാസനാവകാശികളാകും. - (R 3227:4) യോഹ.14:16-17.

## ഏപ്രിൽ 18

*പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം വന്നുകൂടി എന്നുവച്ച് അതിശയിച്ചുപോകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.*-1 പത്രൊ. 4:12,13

ശത്രുതപുലർത്തുന്ന ഈ ലോകത്തിൽ ഗുരുവിനു നേരിട്ട നിന്ദകളേ നാമും പ്രതീക്ഷിക്കേണ്ടതുള്ളു. എന്തെന്നാൽ ദാസൻ യജമാനനേക്കാൾ വലിയവനല്ല. ലോകവും ജഡവും പിശാചും നമ്മുടെ വഴി പ്രതിബന്ധിക്കുന്നു. അകത്തു പോരാട്ടം, പുറത്തു ഭയം, നീതിമാനെതിരെ ലക്ഷ്യമാക്കുന്ന അസ്ത്രങ്ങളും തീയമ്പുകളും നിരവധിയാണ്. വിഷമതകളിലും അഗ്നിപരീക്ഷണങ്ങളിലും എന്തായിരിക്കും നമുക്കു സ്വീകരിക്കാവുന്ന സുരക്ഷിതമായ മനോഗതി ? ഒന്നാമതായി കർത്താവിന്റെ ഹിതം അഥവാ നടത്തിപ്പ് ഗ്രഹിക്കേണ്ടതിന് അവന്റെ മുമ്പാകെ മൗനമായി കാത്തു ജാഗരിക്കുക. വളരെ ഗൗരവം അന്തർഭവിച്ച വിഷയങ്ങൾ സംബന്ധിച്ചു നമ്മുടെ കണക്കുകൂട്ടലുകൾ ആരംഭിക്കുംമുമ്പ് ഇത് ആവശ്യമാണ്. "ഞാൻ സംസാരിക്കാതെ ഊമനായിരുന്നു; നന്മയെപ്പോലും ഗണ്യമാക്കാതെ മൗനമായിരുന്നു" (സ്വന്തം ദൃഷ്ടിയിൽ നല്ലതെന്നു തോന്നിയവപോലും പ്രവർത്തിക്കയും സംസാരിക്കയും ചെയ്യുന്നതിൽനിന്നു വിരമിച്ചിരുന്നു) എന്നു സങ്കീർത്തനക്കാരൻ ഇക്കാര്യത്തിൽ ഒരു സൂചന നൽകുന്നു - (R 1937:4) -1 പത്രൊ.1:5-7.

## ഏപ്രിൽ 19

*ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർനിക്ഷേപത്തിൽ നിന്നു തീയതു പുറപ്പെടുവിക്കുന്നു.* -മത്താ. 12:34,35

ഈ നിലയ്ക്കു നാം ഒന്നാമതായി വിചാരപ്പെടേണ്ടത് ഹൃദയത്തെപ്പറ്റിയാണ്. അതിന്റെ അഭിരുചികളും ചായ്‌വുകളും പൂർണ്ണമായും ദൈവാത്മനിയന്ത്രിതമാകണം. സത്യത്തിന്റെയും നീതിയുടെയും തത്വങ്ങളായിരിക്കണം അവിടെ കുടിയിരുത്തപ്പെടുക. ജീവിതത്തിന്റെ കടിഞ്ഞാൺ പിടിക്കുന്ന പ്രമാണങ്ങൾ നീതി, കരുണ, നന്മ, സഹോദര പ്രീതി, സ്നേഹം, വിശ്വാസം, സൗമ്യത, മിതത്വം, ദൈവത്തോടും ക്രിസ്തുവിനോടുമുള്ള പരമമായ ഭക്തി, വിശുദ്ധിയുടെ എല്ലാ സുന്ദരഭാവങ്ങളോടും കലശലായ പ്രതിപത്തി ഇവയെല്ലാമായിരിക്കണം. ഈ പ്രമാണങ്ങൾ ഹൃദയത്തിൽ ദൃഢമൂലമാകയാൽ ആ നല്ല നിക്ഷേപത്തിൽ നിന്നു വായ് സത്യത്തിന്റെയും സുബുദ്ധിയുടെയും ജ്ഞാനത്തിന്റെയും കൃപയുടെയും വാക്കുകൾ സംസാരിച്ചുകൊണ്ടിരിക്കും.- (R 1937:2) സങ്കീ.101:1-4.

## ഏപ്രിൽ 20

*അത്യല്പത്തിൽ വിശ്വസ്തൻ അധികത്തിലും വിശ്വസ്തൻ* - ലൂക്കൊ. 16 : 10

ദൈവജനങ്ങൾ വീട്ടിലെയോ വ്യാപാരരംഗത്തെയോ പ്രതിദിനജീവിതചര്യകളിൽ സംതൃപ്തിപ്പെട്ട് "കൂടുതൽ അഭികാമ്യമായ മറ്റേതെങ്കിലും തുറയിൽ ദൈവത്തിനു നേരിട്ട് അർപ്പിക്കപ്പെട്ടാലെന്നപോലെ അവൻ എന്റെ പ്രയത്നത്തെ സ്വീകരിക്കുന്നു" എന്നു കണക്കാക്കണമെന്നല്ല പിന്നെയോ ഏതു തൊഴിലുടമയ്ക്കും ഐഹികമായ കർത്തവ്യങ്ങളോടും ബാധ്യതകളോടും നീതിപുലർത്തിക്കൊണ്ടു തന്നെ ഔചിത്യപൂർവ്വം എത്രമാത്രം നിമിഷങ്ങളോ മണിക്കൂറുകളോ ദിവസങ്ങളോ തന്റെയോ മറ്റുള്ളവരുടെയോ ആത്മീയതാത്പര്യങ്ങൾക്കായി വഴിതിരിച്ചുവിടാൻ കഴിയും എന്നു ശ്രദ്ധാപൂർവ്വം പരിശോധിക്കണമെന്നാണ് ഇതിനർത്ഥം. അതിവേഗം പറന്നകന്നു പാഴാകുന്ന നിമിഷങ്ങളെ കഴിവതും പിതാവിന്റെ വയലിൽ വേലചെയ്തു ഫലവത്താക്കാൻ സാധിക്കുന്നത് സമർപ്പിതനായ സ്വയത്യാഗിയായ ശിഷ്യനാണ് - (R 3266:2) മത്താ.25:20-29.

## ഏപ്രിൽ 21

*നമുക്കുള്ള മഹാപുരോഹിതൻ  നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സകലത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട്, കരുണ ലഭിപ്പാനും, സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തുചെല്ലുക.*- എബ്രാ.4:15,16

പരീക്ഷയുടെ നാഴികയിൽ വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയത്തോടെ ഗുരുവിന്റെ സ്നേഹം, ജ്ഞാനം, നമ്മെ സഹായിക്കാനുള്ള അവന്റെ കഴിവ്, സകലവും തന്നെ സ്നേഹിക്കുന്നവർക്കു നന്മയ്ക്കായി കൂട്ടിയിണക്കി പ്രവർത്തിപ്പിക്കാനുള്ള അവന്റെ സന്നദ്ധത ഇവയെല്ലാം ചിന്തിച്ച് ഹൃദയം അവങ്കലേക്ക് ഉയരണം. ആവശ്യം നേരിടുമ്പോഴുള്ള ഈ സഹായാഭ്യർത്ഥന, അവന്റെ ആലോചനയും തുണയും നീതിക്കുവേണ്ടിയുള്ള ബലവും, സത്യവും വിശുദ്ധിയും സ്നേഹവും നമ്മിലേക്ക് എത്തിക്കും. അങ്ങനെ നാം മണിക്കൂറുതോറും ദിനംതോറും അന്തിമമായും വിജയശ്രീലാളിതരാകും. - (R 2249:5) എബ്രാ.2:13-18.

## ഏപ്രിൽ 22

*മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും (നിഷ്പ്രയോജനമോ ഹാനികരമോ ആയത്) ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു.* - മത്താ. 12 : 36

നമ്മുടെ വഴികൾ അനുദിനം പരിശോധനാവിഷയമാക്കണം. അത് ഓരോ ക്രൈസ്തവന്റെയും ചുമതലയാണ്. അങ്ങനെ പരിശോധിക്കുമ്പോൾ നമ്മുടെ വാക്കുകൾ ഏതെങ്കിലും നിലയിൽ കർത്താവിന് അപമാനകരമെന്ന് കാണുന്ന പക്ഷം കാര്യസ്ഥന്റെ നാമത്തിൽ പ്രാർത്ഥനാപൂർവ്വം ദൈവത്തെ സമീപിക്കുകയും, നമ്മുടെ വീഴ്ച നമുക്കു ബോധ്യപ്പെട്ടിരിക്കുന്നു എന്ന് നമ്മുടെ സ്വർഗ്ഗസ്ഥപിതാവിനോട് ഏറ്റുപറഞ്ഞ്, നിർമ്മലമായ നടപ്പും സംഭാഷണവും വഴി അവന്റെ നാമത്തെയും  ദൂതിനെയും മഹത്ത്വപ്പെടുത്തുന്നതിൽ നേരിട്ട പരാജയത്തിൽ ഖേദിക്കുകയും ഈ പാപം നമ്മുടെ പേരിൽ കണക്കിടാതെ ക്രിസ്തു മുഖേന നമ്മുടെ ശുദ്ധീകരണത്തിനുള്ള അവന്റെ കരുണപ്രകാരം അതു മായിച്ചു കളയണമെന്ന് യാചിക്കുകയും വേണം. അവന്റെ വിലയേറിയ രക്തത്തിലാണ് നമ്മുടെ മുഴുവൻ പ്രത്യാശയും ഉറപ്പും എന്നു വിനയപൂർവ്വം അംഗീകരിച്ചുകൊണ്ടാകണം ഇത്. ഇപ്രകാരം ഏതു നിസ്സാരവാക്കിനെ സംബന്ധിച്ചുമുള്ള കണക്ക് ഏല്പിച്ചുകൊടുക്കണം. വിശ്വാസത്തിലൂടെ ഫലവത്താകുന്ന ക്രിസ്തുവിൻ പുണ്യത്തിന്റെ പിന്തുണയോടുകൂടിയ നമ്മുടെ അനുതാപവചനങ്ങളാൽ നാം കുറ്റവിമുക്തരാക്കപ്പെടും - (R 1938:3) സങ്കീ.19:12-14; യാക്കോ.2:5-8

## ഏപ്രിൽ 23

*നല്ല മണ്ണിൽ വീണതോ വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്ര ഹിച്ച് ക്ഷമയോടെ ഫലം കൊടുക്കുന്നതു തന്നെ* - ലൂക്കൊ.8 : 15

യാഗാർപ്പണം നടത്തുന്ന ഏതൊരുവനും നിർബ്ബന്ധമായും സൗമ്യതയും വിനയവും, ശിഷ്യത്വം സ്വീകരിക്കാൻതക്ക എളിമയും ഉള്ളവനായിരിക്കണം. അല്ലാത്ത പക്ഷം അയാൾക്കു താമസംവിനാ മാർഗ്ഗഭ്രംശം നേരിടും. ക്ഷമാവിഷയകമായ കർത്ത്യകൃപയുടെ പരിപോഷണത്തിലും അയാൾ മനസ്സൂന്നണം. എന്തെന്നാൽ ദിവ്യദൗത്യത്തിനോ ദൈവജനങ്ങളിൽ ചിലർക്കോ ഹാനികരമാകാതെ അനീതികൾ ഒഴിവാക്കാൻ യുക്തമായ മാർഗ്ഗങ്ങളില്ലാത്ത സാഹചര്യത്തിൽ സ്വയം ത്യജിക്കുന്നതിനും അനീതി സഹിക്കുന്നതിനും ക്ഷമ തീർച്ചയായും അനുപേക്ഷണീയമാണ്. സഹോദരപ്രീതിയിൽ വളർന്നുവരിക എന്നതും ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ചുരുക്കത്തിൽ നമ്മുടെ ഹൃദയങ്ങളിലും ജീവിതങ്ങളിലും ദൈവത്തിന്റെ പൂർണ്ണഹിതം അഥവാ സ്നേഹത്തിന്റെ വികാസം കൈവരിക്കുക എന്നതു തന്നെ. നമ്മുടെ ബലിയുടെ പൂർത്തീകരണത്തിനു മുമ്പുതന്നെ വലിയൊരളവിലും വിജയകരമായ തോതിലും സ്നേഹമെന്ന ലക്ഷ്യം നാം സാധിച്ചിരിക്കണം - (R 3267:1)

യാക്കോ.5:7-9; എബ്രാ.10:35-39

## ഏപ്രിൽ 24

*നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മയ്ക്കായിട്ട് ആത്മീയവർദ്ധനയ്ക്കു വേണ്ടി പ്രസാദിപ്പിക്കേണം.* - റോമ. 15 : 2

ഓരോ കർത്തൃശിഷ്യനും ഗുരുവിൽനിന്നു ഗ്രഹിക്കേണ്ടപാഠം, തനിക്കു നൽകപ്പെട്ടിരിക്കുന്ന ഏതൽക്കാല വിളിയുടെയും സ്ഥാനത്തിന്റെയും ജോലിയുടെയും പ്രത്യേകദൗത്യം യാഗമായിത്തീരുക എന്നുള്ളതാണ് എന്നത്രേ. സ്വന്തം വഴികളും കണക്കുകൂട്ടലുകളും കർമ്മപദ്ധതികളും മുൻഗണനകളും നിരസിച്ചിട്ട് സമാധാനത്തിനുവേണ്ടി തൽസ്ഥാനത്ത് മറ്റുള്ളവരുടെ പദ്ധതികളും മുൻഗണനകളും അംഗീകരിക്കാനുള്ള അവസരം സേവനത്തിന്റെ ഒരു രൂപമാണെന്ന വസ്തുതയാണ് പലപ്പോഴും നാം വിവേചിക്കാതെ പോകുന്നത്. ഇഷ്ടാനിഷ്ടങ്ങൾ കേവലം വ്യക്തിഗതവും രണ്ടും കർത്തൃദൃഷ്ടിയിൽ തുല്യമെന്ന് വിശ്വസിക്കാവുന്നതുമായ സാഹചര്യങ്ങൾക്കേ ഇതു ബാധകമാകൂ. ഏതെങ്കിലും നന്മയ്ക്ക് ഉപകരിക്കുമെന്നു കാണുന്നപക്ഷം സമാധാനത്തിന്റെ പേരിൽ നമ്മുടെ മുൻഗണനകൾ മറ്റുള്ളവരുടെ അഭിമതങ്ങൾക്കുവേണ്ടി ബലികഴിക്കാവുന്നതാണ്. - (R 3265:3;R.3266:5)

1കൊരി.10:31-33; മത്താ.5:9.

## ഏപ്രിൽ 25

*എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ* - എബ്രാ. 11 : 6

തന്റെ ശിഷ്യന്മാരോടെല്ലാം അവരുടെ ക്രിസ്തീയ പ്രയാണത്തിലും അനുഭവങ്ങളിലും ആദ്യവസാനം "നിന്റെ വിശ്വാസം പോലെ നിനക്ക് ഭവിക്കട്ടെ" എന്ന പ്രകാരമായിരിക്കും കർത്താവിന്റെ പെരുമാറ്റം എന്നു തോന്നുന്നു. അവൻ നമ്മെ ശ്രദ്ധിക്കുന്നില്ല എന്നു തോന്നുമ്പോഴും ആത്മീയവും ഐഹികവുമായ എല്ലാ രംഗത്തും സമൃദ്ധി അനുഭവപ്പെടുമ്പോഴും ഉണ്ടായിരിക്കുന്ന വിശ്വാസം. അതിനോടൊപ്പം തന്നെ കുത്തൊഴുക്കുകളും ദുഷ്ടശക്തികളും മുഴുവൻ നമുക്കെതിരാണെന്നു തോന്നുമ്പോഴും ഉണ്ടായിരിക്കേണ്ട ബലവത്തായ വിശ്വാസം. ഏതവസ്ഥയിലും കർത്താവിന്റെ നന്മയിലും വിശ്വസ്തതയിലും ഉറച്ച ബോധ്യത്തോടെ അവങ്കലേക്കു നോക്കുന്നതിനും നാം അവന്റെ ജനമായിരിക്കയാൽ അവന്റെ വാഗ്ദത്തപ്രകാരം അന്തിമമായി സകലവും നമുക്കു നന്മയ്ക്കായികൂടി വ്യാപരിക്കുമെന്നു മനസ്സിലാക്കാനും കഴിയുന്ന വിശ്വാസമാണ് ലോകത്തെ ജയിക്കുന്നത്. - (R 2627:4) 1തിമൊ.4:10

## ഏപ്രിൽ 26

*ദൈവം തന്റെ പ്രവൃത്തികളിൽ നിന്നെന്നപോലെ അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ താനും തന്റെ പ്രവൃത്തികളിൽ നിന്നു നിവൃത്തനായിത്തീർന്നു* - എബ്രാ. 4 : 10

ഏഴുദിവസങ്ങളിൽ ഒന്ന് ആവശ്യപ്പെടുന്നതിനുപകരം സ്നേഹത്തിന്റെ പ്രമാണം നമ്മുടെ മുഴുവൻ സമയത്തെയും നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്നു. ആഴ്ചവട്ടത്തിലെ ഏഴുദിവസവും നാം നമ്മുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണആത്മാവോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കണം. ഏഴുദിവസവും നമ്മുടെ അയൽക്കാരനെ നമ്മെപ്പോലെ തന്നെ സ്നേഹിക്കണം. ആഴ്ചവട്ടത്തിലെ ഏഴുദിവസവും സ്വന്തം പ്രവൃത്തികളിൽനിന്നു വിരമിച്ച് സ്വസ്ഥത അനുഭവിക്കണം. ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട വേലയിലെ വിശ്വാസത്താലുള്ള സ്വസ്ഥത, ബുദ്ധിക്കതീതവും നമ്മുടെ ഹൃദയത്തിൽ നിരന്തരം വാഴുന്നതായി, ദൈവസമാധാനത്തിലുള്ള സ്വസ്ഥത തന്നെ - (R 3039:1) സങ്കീ.119:97-104.

## ഏപ്രിൽ 27

*ക്രിസ്തുയേശുവിലുള്ള ഭാവംതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ-* ഫിലി. 2 : 5

ക്രിസ്തുവിന്റെ മനസ്സുണ്ടായിരിക്കുക എന്നത് ചട്ടപ്രകാരമുള്ള പോരാട്ടത്തിന്റെ വ്യവസ്ഥകളിൽ ഒന്നാണ്. യുഗങ്ങളെ സംബന്ധിച്ച ദൈവത്തിന്റെ മഹാനിർണ്ണയത്തിൻപ്രകാരമുള്ള അവന്റെ ഇഷ്ടത്തിനു വിനയത്തോടും വിശ്വസ്തതയോടുംകൂടി വിധേയപ്പെടുകയും ആ ഇഷ്ടത്തിന്റെ നിവൃത്തിക്കായി മുഴുവൻ ശക്തിയും അർപ്പിക്കയും ചെയ്യുന്ന മനസ്സ് ആവശ്യമാണ്. ദൈവത്തിന്റെ നിർണ്ണയത്തിലിരിക്കുന്ന ലക്ഷ്യം സ്വാഗതാർഹമെന്ന് കാണുന്നതിന്റെ ഫലമാകണം ഈ മനസ്സ്. ക്രിസ്തുവിലുണ്ടായിരുന്ന അതേ മനസ്സിനാൽ നാം നിറയപ്പെടുമെങ്കിൽ, ഐഹികവിഷയങ്ങളിൽ കുടുങ്ങിപ്പോകാതെ, അവനെപ്പോലെ നാം സ്വതന്ത്രരും, കർത്തൃസേവനത്തിനായി നമ്മുടെ സമയം കഴിവതും സ്വതന്ത്രമായിരിക്കാനും മുഴുവൻ ശക്തിയും കഴിവും പ്രയത്നവും അതിനായി വഴിതിരിച്ചുവിടാനും നാം ആഗ്രഹിക്കണം. - (R 3070:5) 1.പത്രൊ.2:20-23; ലൂക്കൊ.22:24-29.

## ഏപ്രിൽ 28

*അതുതന്നെയല്ല, കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ* - റോമ. 5 : 3-5

നമുക്കു സഹിഷ്ണുത ആവശ്യമാണ്. പരിശോധനകൾവഴി മാത്രമേ അതു നേടുവാൻ കഴിയൂ. നമുക്കു വിശ്വാസം ഉണ്ടായിരിക്കണം. ആവശ്യങ്ങൾ നമ്മെ അലട്ടുമ്പോൾ മാത്രമേ അതു വളർന്നു ബലവത്താകൂ. നമ്മുടെ ഭാവിപ്രവർത്തനങ്ങൾക്ക് അനുഭവജ്ഞാനം ആവശ്യമാണ്. ദൈവരാജ്യത്തിൽ നാം ശുശ്രൂഷിക്കുകയും പ്രതിനിധാനം ചെയ്യുകയും ചെയ്യേണ്ട നമ്മുടെ സമസൃഷ്ടങ്ങളുടെ ബലഹീനതകളിലും ക്ലേശങ്ങളിലും പരീക്ഷകളിലും സഹതാപം ജനിപ്പിക്കാൻ ഉപകരിക്കുന്ന അനുഭവങ്ങൾവഴി മാത്രമേ ഇതു സാധ്യമാകൂ. അതുകൊണ്ട് വർത്തമാനകാലാനുഭവങ്ങളിൽ നിന്ന് നാം ഉൾക്കൊള്ളേണ്ട പാഠം തിന്മകൊണ്ടല്ല, നന്മകൊണ്ടു തിന്മയെ എതിർക്കുക എന്നതാണ്- (R 3228:6) ഫിലി.1:20; 1.പത്രൊ.3:14-17; യാക്കോ.1:3-12.

## ഏപ്രിൽ 29

*അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന് ഉത്തരമരുളും; കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്ത്വപ്പെടുത്തും* - സങ്കീ. 91 : 15

നമ്മുടെ ദുഃഖങ്ങളും ഭാരങ്ങളും കർത്തൃസമക്ഷം അവതരിപ്പിക്കാനുള്ള അനുഗ്രഹിക്കപ്പെട്ട അവകാശം നമുക്കുണ്ട്. എന്തെന്നാൽ "ജീവിതത്തിലെ കഷ്ടങ്ങളിൽ നിന്നു കയ്പുരസം നാം അറിയാതെ അവൻ അപഹരിച്ചുകളയുന്നു". ഭൗതിക വിഷയങ്ങളെല്ലാം അന്തരാത്മാവിന്റെ ദാഹം ശമിപ്പിക്കുവാനോ, വ്രണിതമായ മനസ്സിനെ ആശ്വസിപ്പിക്കുവാനോ തീർത്തും അപര്യാപ്തമാണെന്നു നമുക്കു കാണിച്ചുതരികവഴിയാണ് ഇതു സാധിക്കുന്നത്. നമ്മുടെ അനുഭവങ്ങൾ എത്രമേൽ അസ്വാസ്ഥ്യജനകമായാലും അവയ്ക്കു വേഗം തന്നെ വിരാമമാകും എന്ന വിചാരത്തിന് ഇവിടെ സ്ഥാനം ലഭിക്കുന്നു. ഇങ്ങനെ പ്രവർത്തിപ്പാൻ നാം അവയെ അനുവദിക്കുന്ന പക്ഷം അവ നമ്മിൽ നീതിയുടെ സമാധാനഫലങ്ങൾ വിളയിക്കും. പൂർണ്ണമായ ആത്മനിയന്ത്രണത്തിനും ആലോചനാപൂർവ്വമായ പരിഗണനയ്ക്കും ക്ഷമാപൂർവ്വമായ ക്ലേശസഹിഷ്ണുതയ്ക്കും സ്നേഹനിഷ്ഠമായ ഭക്തിക്കും വിശ്വസ്തതയ്ക്കും ദൈവത്തിലുള്ള വിശ്വാസത്തിനും ഉതകുംവിധം അവ നമ്മിൽ ബലവത്തും മഹത്തരവുമായ സ്വഭാവത്തിനു നിദാനമാകും. -

(R 1937:5) 1.പത്രൊ.3:9-12.

## ഏപ്രിൽ 30

*നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു* - 1 പത്രൊ. 2 : 9

ഈ വെളിച്ചത്തിലേക്കു നമ്മെ വിളിച്ചവന്റെ ലക്ഷ്യംതന്നെ നാം അതിനു പ്രകാശിക്കാൻ കളമൊരുക്കുക എന്നതാണ്. പ്രകാശിക്കാൻ അതിനെ അനുവദിക്കാത്തപക്ഷം നാം അതിന് അയോഗ്യരെന്നുവരും. ഈ അമൂല്യനിധി നമ്മിൽനിന്ന് എടുത്തുകളയുകയും നാം ഇരുളിൽ തള്ളപ്പെടുകയും ചെയ്യും. നാം വാസ്തവത്തിൽ പ്രകാശം ലഭിച്ചവരും പൂർണ്ണമായി കർത്താവിനു പ്രതിഷ്ഠിക്കപ്പെട്ടവരുമെങ്കിൽ എന്നെ അന്ധകാരത്തിൽ നിന്നു വിളിച്ചവന്റെ സ്തുതികളെ വിളിച്ചറിയിക്കാൻ ഞാൻ എന്തു ചെയ്യുന്നു എന്നും ഈ സദ്വർത്തമാനവുമായി അടുത്തും അകലെയും ഉള്ള എന്റെ അയൽക്കാരുടെ അടുത്തേക്കു ഞാൻ കടന്നുചെല്ലുന്നുവോ എന്നും നമുക്കു സ്വയം ചോദിക്കാം.എല്ലാം യേശുവിന്, എല്ലാം യേശുവിന്,വീണ്ടെടുക്കപ്പെട്ട എൻ എല്ലാ കഴിവുകളും വാങ്മന കായമാകെ എൻനാളുകൽനാഴികകളും എന്ന് എനിക്കു സത്യമായി പറയുവാൻ കഴിയുമോ? -

(R 3199:6) മത്താ.5:16; അപ്പൊ.26:18.